(സി) ഇവർ എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തെത്തിയ ശേഷം പാസ്പോർട്ടിന്റെ കാലാവധി തീർന്നിട്ടും പാസ്പോർട്ട് പുതുക്കാതെ ഒളിവിൽ കഴിയുന്നവർ എത്രയുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 4734 വിദേശികളുണ്ട്. ഇവരിൽ 327 പേർ കുട്ടികളാണ്.

(ബി) 19

(സി) ഇവർ വിദ്യാഭ്യാസം, തൊഴിൽ, ഗവേഷണം, ബിസിനസ്, യോഗ, കേരളീയ നൃത്തകലാ പഠനം, ആത്മീയ/ജീവകാരുണ്യ/സാമൂഹിക പ്രവർത്തനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. ബന്ധുസന്ദർശനം, വിനോദസഞ്ചാരം എന്നിവയ്ക്കായി വന്നവരും ഇതിൽ ഉൾപ്പെടുന്നു.

(ഡി) 55 പേരുണ്ട്.

ഗൾഫ് ജയിലുകളിലെ മലയാളി തടവുകാർ

72. [836] ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫുരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളി തടവുകാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര മലയാളി തടവുകാർ ഗൾഫ് ജയിലുകളിലുണ്ട് ;

(സി) ഇവരിൽ വിസയുടെ കാലാവധി കഴിഞ്ഞതിനാൽ നാട്ടിലേക്ക് വരാൻ കഴിയാത്ത എത്ര മലയാളി തടവുകാരാണുള്ളത് ;

(ഡി) ഇവരെ നാട്ടിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഏജന്റുമാരാൽ കബളിപ്പിക്കപ്പെട്ട് എത്ര മലയാളികൾ ജയിലുകളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ; അവരുടെ മോചനത്തിനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ജയിൽ മോചിതരാക്കുന്നവർക്ക് യാത്രാ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ജി) ജയിലിൽ കഴിയുന്നവർക്ക് നാട്ടിലുള്ള ബന്ധുക്കളുമായി ഫോൺ മുഖേന ബന്ധപ്പെടാൻ സൗകര്യമേർപ്പെടുത്തുമോ ;

(എച്ച്) ഈ പ്രശ്നങ്ങളിൽ നോർക്ക ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ഐ) മുഖ്യമന്ത്രിയോ മറ്റു മന്ത്രിമാരോ നോർക്ക ചെയർമാനോ ഗൾഫ് പര്യടനവേളയിൽ ജയിൽ സന്ദർശനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജയിലുകളിൽ കഴിയുന്ന ഇന്ത്യൻ തടവുകാരിൽ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാൽ എത്ര മലയാളികളുണ്ടെന്ന് കൃത്യമായി പറയാനാവില്ല.

(സി) കൃത്യമായി വിവരം ലഭ്യമല്ല.

(ഡി) ഉണ്ട് ; അന്യായമായ കാരണങ്ങളാൽ ജയിലിൽ കഴിയുന്ന നിരപരാധികളായ മലയാളികളെ വിട്ടയക്കാൻ വേണ്ട നടപടികൾ നോർക്ക കൈക്കൊള്ളുന്നുണ്ട്. ഇത്തരക്കാരുടെ മോചനത്തിന് ആവശ്യമായ പണം സ്വരൂപിക്കുന്നതിനും, ദയാഹർജികൾ യഥാവസരങ്ങളിൽ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുന്നതിനും നോർക്ക ശ്രദ്ധിക്കാറുണ്ട്.

(ഇ) വ്യക്തമല്ല.

(എഫ്) സഹായം അഭ്യർത്ഥിച്ചാൽ നോർക്ക ചെയ്തുകൊടുക്കാറുണ്ട്.

(ജി) അതാത് രാജ്യത്തിന്റെ നിയമങ്ങൾക്കനുസൃതമായി മാത്രമേ ഇത്തരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(എച്ച്) നോർക്ക സ്വീകരിച്ചിട്ടുള്ള നടപടികൾ മുകളിൽ വിശദീകരിച്ചിട്ടുള്ളതിനാൽ ബാധകമല്ല.

(ഐ) ജയിൽ സന്ദർശനത്തിനു ഇന്ത്യാ ഗവൺമെന്റ് അനുമതി തേടിയെങ്കിലും അനുമതി ലഭിക്കാത്തതിനാൽ സന്ദർശിച്ചിട്ടില്ല.

തിരുവനന്തപുരത്ത് ബയോടെക്നോളജി പാർക്ക്

73. [837] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഒരു ബയോടെക്നോളജി പാർക്ക് സ്ഥാപിക്കാമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ച് ശ്രീകാര്യം കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽ ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly